WEB

# വിശാല കൊച്ചി വികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ 2204261, 2203378 കൊച്ചി – 682 020
Website:- www.gcda.kerala.gov.in. E-mail id:- gcdaonline@gmail.com

നം. 10739/ഇ.2/2025/ജിസിഡിഎ തീയതി, 24.01.2026

## ലേലം/ക്വട്ടേഷൻ പരസ്യം

ചങ്ങമ്പുഴ പാർക്കിൽ നിൽക്കുന്ന മഴമരത്തിന്റെ കൊമ്പുകൾ ലേലം/ക്വട്ടേഷൻ വഴി 09.02.2026-ന് വിൽപ്പന നടത്തുന്നതാണ്. പൂരിപ്പിച്ച ക്വട്ടേഷനുകൾ 1,000/- രൂപയുടെ നിരതദ്രവ്യം (സെക്രട്ടറി ജിസിഡിഎയുടെ പേരിൽ എടുത്ത ദേശസാൽകൃത/ഷെഡ്യൂൾ ബാങ്കുകളിൽ നിന്നുള്ള ഡി.ഡി./ഡെപ്പോസിറ്റ് ഹാജരാക്കിയോ, പണമടവാക്കിയോ രസീത്) സഹിതം 09.02.2026 പകൽ 11.00 മണിക്ക് മുമ്പായി രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ് വഴി (കൊറിയർ സ്വീകരിക്കുന്നതല്ല) സമർപ്പിക്കേണ്ടതാണ്. തുടർന്ന് 12.00 മണിക്ക് പരസ്യലേലം നടത്തുന്നതാണ്. ലേലത്തിൽ മാത്രം പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചിത നിരതദ്രവ്യത്തോടുകൂടി കൃത്യം 11.30 എ.എം.-ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം സമർപ്പിച്ചിട്ടുള്ളവർ ലേലത്തിൽ പങ്കെടുക്കാൻ നിശ്ചിത നിരതദ്രവ്യത്തിന്റെ ഫോട്ടോ കോപ്പി കൈയ്യിൽ സൂക്ഷിക്കേണ്ടതാണ്. നിലവിലുള്ള സർക്കാർ ലേല തുകയോ ദർഘാസ് തുകയോ ഏതാണ് കൂടുതൽ ആയത് പരിഗണിക്കുന്നതാണ്. ലേലം/ക്വട്ടേഷനുകൾ ഉറപ്പിച്ച് കിട്ടുന്നയാൾ ലേല തുകയുടെ 25% അന്നേ ദിവസം വൈകിട്ട് 3.30-ന് മുമ്പായി ഓഫീസിൽ അടച്ച് രസീത് ഹാജരാക്കേണ്ടതാണ്. ലേലം ഉറപ്പിച്ച് കിട്ടുന്നയാൾ 30 ദിവസത്തിനുള്ളിൽ മരത്തിന്റെ മുറിച്ച് മാറ്റിയ ശാഖകൾ സൈറ്റിൽ നിന്നും പൂർണ്ണമായും നീക്കം ചെയ്യേണ്ടതാണ്. ലേലം/ക്വട്ടേഷൻ ഒന്നായോ മുഴുവനായോ നിരസിക്കാനുള്ള അധികാരം ജിസിഡിഎ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ജിസിഡിഎ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഒപ്പ്/-
അസി.എക്സി. എഞ്ചിനീയർ

സൂപ്രണ്ട്

RPR-29.01.2026